നമ്പർ. സി. പി. (2) 15114/2016

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി:1. 8. 2016

## സർക്കുലർ നമ്പർ 25/16

വിഷയം: സഹകരണവകുപ്പ് – സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബൈലഭേദഗതിയ്ക്കായുള്ള പൊതുയോഗ നോട്ടീസ് – പത്രത്തിൽ പ്രസിദ്ധീകരിക്കുന്നത്– നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്.

...............

കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങളിലെ ചട്ടം 9 (ii) പ്രകാരം അഞ്ഞൂറോ അതിലധികമോ അംഗങ്ങളുള്ള ഒരു സംഘത്തിന്റെ/ബാങ്കിന്റെ നിർദ്ദിഷ്ട ബൈല ഭേദഗതിയുടെ വിശദാംശങ്ങൾ സംഘത്തിന്റെ അധികാരാതിർത്തിയിൽ പ്രചുര പ്രചാരമുള്ള രണ്ട് സ്വഭാഷാപത്രങ്ങളിൽ പരസ്യപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചില സഹകരണ സംഘങ്ങൾ ഇപ്രകാരം നൽകുന്ന പത്രപ്പരസ്യത്തിൽ നിർദ്ദിഷ്ട ഭേദഗതിയുടെ സംക്ഷിപ്തം മാത്രം പ്രസിദ്ധീകരിയ്ക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് നിയമാനുസൃതമല്ലാത്തതിനാൽ, സഹകരണ ചട്ടം 9 (ii) പ്രകാരം ബൈലാഭേദഗതിയ്ക്കായി നൽകുന്ന പത്രപ്പരസ്യത്തിൽ നിർദ്ദിഷ്ട ബൈലാഭേദഗതി സംബന്ധിച്ച് വിശദവിവരങ്ങൾ ഉൾക്കൊള്ളിയ്ക്കേണ്ടതാണെന്ന് നിർദ്ദേശിയ്ക്കുന്നു.

ലളിതാംബിക ഐ. എ. എസ്
സഹകരണ സംഘം രജിസ്ട്രാർ

(1) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
(2) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
(3) എല്ലാ അസിസ്റ്റന്റ് (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
(4) വെബ്സൈറ്റ്

പകർപ്പ്

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കി (ഫയൽ ഒ. 718/15)
2. സഹകരണ വീഥി.
3. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി. പി)